പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

08.01.2014 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 893

<u>ജലമലിനീകരണം തടയുന്നതിന് നടപടി</u>

| | ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| | ജലമലിനീകരണം തടയുന്നതിനാവശ്യമായ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ജലലഭ്യതയോടൊപ്പം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ജലമലിനീകരണം തടയുക എന്നതും എന്നതിനാൽ നദികളിലും പ്രധാന ജലസ്രോതസ്സുകളായ തടാകങ്ങൾ, കായലുകൾ എന്നിവിടങ്ങളിലും മലിനീകരണം തടയുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.<br>നഗരപ്രദേശത്തു കൂടിയൊഴുകുന്ന നദികളുടെയും തോടുകളുടെയും പാർശ്വങ്ങളിൽ കമ്പിവേലി നിർമ്മിക്കുക, നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള ചെളി നീക്കൽ പ്രവൃത്തികൾ എന്നിവ കൂടാതെ ഓരുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികളും ഇപ്പോൾ തന്നെ ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ